(ബി) എങ്കിൽ ഇതിനായി എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) ജയിൽ വകുപ്പിൽ എക്സിക്യൂട്ടീവ് വിഭാഗത്തിൽ പുതുതായി എത്ര തസ്തികകൾ സൃഷ്ടിക്കുവാൻ മന്ത്രിസഭ തീരുമാനിച്ചു ;

(ഡി) ഏതെല്ലാമാണ് പുതുതായി സൃഷ്ടിക്കുവാൻ തീരുമാനിച്ച തസ്തികകൾ എന്ന് വ്യക്തമാക്കുമോ ;

(ഇ) ഇതിന് ആനുപാതികമായി മിനിസ്റ്റീരിയൽ തസ്തികകൾ അനുവദിക്കുമോ ?

ഉത്തരം

(എ & ബി) ഇല്ല.

(സി & ഡി)

ജയിലർ	2
ഡെപ്യൂട്ടി ജയിലർ	6
അസിസ്റ്റന്റ് ജയിലർ ഗ്രേഡ്2	8
ഹെഡ് വാർഡൻ	14
പുരുഷ വാർഡൻ	55

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

ജുഡീഷ്യൽ അന്വേഷണങ്ങൾ

125 (3315) ശ്രീ. പി. കെ.കെ. ബാവ :
ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ജുഡീഷ്യൽ അന്വേഷണങ്ങൾക്ക് ഉത്തരവായിട്ടുണ്ട് ;

(ബി) ഇതിൽ എത്ര കേസുകളിൽ അന്വേഷണ റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട് ;

(സി) റിപ്പോർട്ട് ലഭിച്ചിട്ടുള്ളതനുസരിച്ച് എത്ര കേസുകളിൽ നടപടി എടുത്തിട്ടുണ്ട് ;

(ഡി) എത്ര കേസുകളിൽ അന്വേഷണ റിപ്പോർട്ട് ലഭിക്കാനുണ്ട് ;

(ഇ) ഈ റിപ്പോർട്ടുകൾ എപ്പോൾ ലഭിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഒൻപത് ജുഡീഷ്യൽ അന്വേഷണങ്ങൾക്ക് ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ 4 കമ്മീഷനുകൾ റിപ്പോർട്ട് സമർപ്പിക്കുകയും സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ശ്രീ ജസ്റ്റീസ് ടി. ചന്ദ്രശേഖരമേനോൻ കമ്മീഷൻ ഒരു ഇടക്കാല റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

(സി) റിപ്പോർട്ട് ലഭിച്ച എല്ലാ കേസുകളിലും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി & ഇ) അഞ്ച് എൻക്വയറി കമ്മീഷനുകളുടെ റിപ്പോർട്ട് ലഭിക്കാനുണ്ട്. അവയിൽ ഒരു കമ്മീഷൻ ഇടക്കാല റിപ്പോർട്ടു നൽകിയിട്ടുണ്ട്. നാലു കമ്മീഷനുകൾ അന്വേഷണ നടപടികൾ ആരംഭിച്ചതേയുള്ളൂ.

ചെങ്ങന്നൂരിൽ ഫയർ സ്റ്റേഷൻ

126 (3316) ശ്രീമതി ശോഭനാ ജോർജ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെങ്ങന്നൂരിൽ ഫയർസ്റ്റേഷൻ അനുവദിച്ചത് ഏത് വർഷമാണെന്ന് വ്യക്തമാക്കാമോ ;

(ബി) ആയത് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(സി) ഫയർ സ്റ്റേഷൻ അനുവദിച്ചതിനുശേഷം ചെങ്ങന്നൂരിൽ ഉണ്ടായിട്ടുള്ള തീപിടുത്തങ്ങൾ എത്രയാണെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇനിയും കാലതാമസം ഒഴിവാക്കി ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നു വ്യക്തമാക്കാമോ ;

(ഇ) ഫയർ സ്റ്റേഷനു ആവശ്യമായ സ്ഥലവും കെട്ടിടവും നഗരസഭ അനുവദിക്കാം എന്നു സമ്മതിച്ചിരിക്കുന്ന സാഹചര്യത്തിൽ ഫയർ സ്റ്റേഷൻ എന്നത്തേയ്ക്കു അനുവദിക്കും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) ചെങ്ങന്നൂരിൽ ഫയർ സ്റ്റേഷൻ അനുവദിച്ചിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി & ഇ) പുതിയ മുൻഗണനാപട്ടിക തയ്യാറാക്കുന്നതിനു നടപടികൾ പൂർത്തിയാകാത്തതിനാൽ ഇക്കാര്യം ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല.

ഭക്ഷ്യധാന്യങ്ങളുടെ സബ്സിഡിയിനത്തിൽ ചെലവഴിച്ചിട്ടുള്ള തുക

127 (3317) ശ്രീ. കെ. പി. വിശ്വനാഥൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1995-96, 1996-97, 1997-98, 1998-99 എന്നീ വർഷങ്ങളിലും 1999-2000-ൽ ഇതുവരെയും ഭക്ഷ്യധാന്യങ്ങളുടെ സബ്സിഡിയിനത്തിൽ എന്തു തുക വീതം ചെലവഴിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly